K E R A L A G A Z E T T E

EXTRAORDINARY

PUBLISHED BY AUTHORITY

Vol. XXIII] Trivandrum, Tuesday, 26th December 1978 / 5th Pousha 1900 [No.822

**കേരള സർക്കാർ**

കൃഷി ഡിപ്പാർട്ടുമെന്റ്

**വിജ്ഞാപനം**

ജി.ഒ. (പി) നമ്പർ 335/78/കൃഷി. തിരുവനന്തപുരം, 1978 ഡിസംബർ 26.

എസ് ആർ ഒ. നമ്പർ 1217/78 – കേരള വനോൽപ്പന്നം (വിൽപ്പനവില നിജപ്പെടുത്തൽ) ആക്ട്, 1978 (1978 ലെ 29) ലെ 8–ാം വകുപ്പുമൂലം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ച് കേരള സർക്കാർ താഴെപ്പറയുന്ന ചട്ടങ്ങൾ ഇതിനാൽ ഉ ാക്കുന്നു, അതായത്

ചട്ടങ്ങൾ

1. ചുരുക്കപ്പേരും പ്രാരംഭവും (1) ഈ ചട്ടങ്ങൾക്ക് കേരള വനോൽപ്പന്നം (വിൽപ്പന വില നിജപ്പെടുത്തൽ )ചട്ടങ്ങൾ, 1978 എന്നു പേർ പറയാം.

   2. അവ ഉടനെ പ്രാബല്യത്തിൽ വരുന്നതാണ് .

2. നിർവചനങ്ങൾ– ഈ ചട്ടങ്ങളിൽ സന്ദർഭം മറ്റുവിധം ആവ്യപ്പെടാത്തപക്ഷം

(എ) ആക്ട് എന്നാൽ കേരള വനോൽപ്പന്നം (വിൽപ്പനവില നിജപ്പെടുത്തൽ ) ആക്ട് 1978 എന്നർത്ഥമാകുന്നു.

(ബി) ഏതെങ്കിലും വനോൽപ്പന്നത്തിന്റെ കമ്പോള വില എന്നാൽ ഏതെങ്കിലും പ്രത്യേക വനോൽപ്പന്നത്തിന്റെ സംഗതിയിൽ, ബ്യൂറോ ഓഫ് എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് മൂന്നു മാസക്കാലത്തേക്ക് ശേഖരിച്ച് കണക്കാക്കിയ പ്രകാരമുള്ല, അതതു സംഗതിപോലെ, ടൺ ഒന്നിനോ, ക്യൂബിക് മീറ്റർ ഒന്നിനോ ഉള്ള ശരാശരി വില എന്നർത്ഥമാകുന്നു..

(സി) ബില്ലറ്റ് എന്നാൽ തൊലി നീക്കം ചെയ്തതോ അല്ലാത്തതോ ആയിരുന്നാലും, ഒരു മീറ്ററോ അഥവാ അതിൽ കുറവോ നീളമുള്ള തടി എന്നർത്ഥമാകുന്നു.

3. ആക്ടിലെ 4–ാം വകുപ്പിൻ കീഴിൽ രൂപീകരിച്ചിട്ടുള്ള കമ്മിറ്റി ഓരോ വർഷത്തിലും ര ു പ്രാവശ്യമെങ്കിലും യോഗം ചേരേ താണ്. യോഗങ്ങൾ സാധാരണ ഗതിയിൽ ഓരോ വർഷത്തിലും ജനുവരി ഫെബ്രുവരി മാസങ്ങളിലും, ജൂൺ ജൂലൈ മാസങ്ങളിലും ചേരേ താണ്. യോഗത്തിന്റെ ക്വോറം അഞ്ചായിരിക്കേ തും ഭൂരിപക്ഷത്തിന്റെ തീരുമാനം കമ്മറ്റിയുടെ ശുപാർശയായി കണക്കാക്കേ തുമാണ്.

4. ഏതെങ്കിലും വനോൽപ്പന്നത്തിന്റെ വിൽപ്പനവിലയെക്കുറിച്ച് സർക്കാരിനോട് ശുപാർശചെയുമ്പോൾ കമ്മറ്റി താഴെ പറയുന്ന കാര്യങ്ങൾ പരിഗണിക്കേ താണ്, അതായത് –

(i) പ്ലാന്റേഷനുകളിൽ ഉൽപ്പാദിപ്പിക്കുന്ന വനോൽപ്പന്നത്തിന്റെ സംഗതിയിൽ, അങ്ങനെയുള്ള വനോൽപ്പന്നത്തെ സംബന്ധിച്ച് വിളവെടുപ്പുസമയംവരെയുള്ള തോട്ടപ്പണിയുടെ മൊത്തത്തിലുള്ള ശരാശരിച്ചെലവും,

(ii) പ്ലാന്റേഷനുകളിൽ ഉൽപ്പാദിപ്പിക്കാത്ത വനോൽപ്പന്നത്തിന്റെ സംഗതിയിൽ, അങ്ങനെയുള്ള വനോൽപ്പന്നത്തിനു പകരം വച്ചുപിടിപ്പിക്കുന്നതിന് മൊത്തത്തിലുള്ള ശരാശരിച്ചെലവും.

(iii) (i)–ം (ii)–ം ഖണ്ഡങ്ങളിൽപ്പറഞ്ഞിരിക്കുന്ന വിശദവിവരങ്ങൾ ലഭ്യമല്ലാത്ത മറ്റു വനോൽപ്പന്നങ്ങളുടെ സംഗതിയിൽ, അങ്ങനെയുള്ള വനോൽപ്പന്നങ്ങൾക്കുള്ള റോയൽട്ടിയും.

(iv) വനോൽപ്പന്നങ്ങൾ വിൽക്കപ്പെടുന്നസംസ്ഥാനത്തെ പ്രധാന തടിക്കമ്പോളങ്ങളിൽ, അതായത് കൊല്ലം, കോട്ടയം, എറണാകുളം, കോഴിക്കോട്, എന്നീ സ്ഥലങ്ങളിൽ കമ്മറ്റിയുടെ യോഗത്തിനു തൊട്ടുമുമ്പുള്ള ആറുമാസക്കാലത്തേയ്ക്കുള്ള ഓരോവനോൽപ്പന്നത്തിന്റേയും കമ്പോളനിരക്കും.

(v) മുകളിൽ (iv)–ാം ഖണ്ഡത്തിൽ പറഞ്ഞിരിക്കുന്ന കമ്പോളങ്ങളിലേയ്ക്ക് സമീപത്തുള്ള സംഭരണ സ്ഥലത്തുനിന്നും അതായത് അതതുസംഗതിപോലെ സർക്കാർ തടിവിൽപ്പന ഡിപ്പോകളിൽനിന്നോ ട്രാൻസിറ്റ് ഡിപ്പോകളിൽ നിന്നോ കൊ ുവരുന്നതിന് ആവശ്യമായ ശരാശരിച്ചെലവും.

(vi) തടിവെട്ടുന്നതിനും, ശേഖരിക്കുന്നതിനും കൊ ുപോകുന്നതിനും, സർക്കാർ തടിവിൽപ്പന ഡിപ്പോകളിൽ ഏൽപ്പിക്കുന്നതിനും ആവശ്യമായ ശരാശരിച്ചെലവും.

5. ഓരോ ഇനത്തിലുംപെടുന്ന തടിക്ക് കമ്മിറ്റി പ്ലൈവുഡ്, മാച്ച് വുഡ് (തീപ്പെട്ടിമരം) പാക്കിംഗ്കേസ് വുഡ്, പൾപ്പ് വുഡ് എന്നിങ്ങനെയുള്ള അതിന്റെ ഉപയോഗമനുസരിച്ച് വിൽപ്പനവില ശുപാർശ ചെയ്യേ താണ്.

6. സാഹചര്യം ആവശ്യപ്പെടുന്നപക്ഷം ഓരോ വലിപ്പത്തിലും ഗുണത്തിലും വിഭാഗത്തിലുമുള്ള വനോൽപ്പന്നത്തിന്റെ വില കമ്മിറ്റിക്ക് സർക്കാരിനോട് ശുപാർശചെയ്യാവുന്നതാണ്.

7. വില്പനവില ശുപാർശചെയ്യുമ്പോൾ തചിയുടെ സംഗതിയിൽ യൂണിറ്റ് ഒരുക്യൂബിയ്ക്ക് മീറ്ററും, മുളയുടേയും ഈറയുടേയും സംഗതിയിൽ ഒരുടണ്ണും ബില്ലറ്റുകളുടെ സംഗതിയിൽ ഒരു സ്റ്റോക്ക്ഡ് / (അട്ടി) ടണ്ണും ആണ്.

എന്നാൽ ബില്ലറ്റുകളുടെ സ്റ്റോക്കഡ് ടണ്ണേജ് സർക്കാർ അപ്പപ്പോൾ പുറപ്പെടുവിക്കുന്ന ഉത്തരവുകളുടെ അടിസ്ഥാനത്തിൽ കണക്കാക്കേ താണ്.

8. കമ്മറ്റിയുടെ ശുപാർശകൾ കണക്കിലെടുത്തശേഷം സർക്കാർ ഓരോ വനോൽപ്പന്നത്തിന്റേയും വില്പനവില നിജപ്പെടുത്തേ തും അത് ഗസറ്റിൽ പരസ്യം ചെയ്യേ തുമാണ്.

9. ഈ ചട്ടങ്ങളിലെ ഏതെങ്കിലുമോ എല്ലാമോ വ്യവസ്ഥകളും വ്യാഖ്യാനിക്കുന്നതിനുള്ള അധികാരസ്ഥാനം സർക്കാർ ആയിരിക്കുന്നതും അങ്ങനെയുള്ള വ്യാഖ്യാനം അന്തിമമായിരിക്കും.

വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമല്ല. എന്നാൽ പൊതു ഉദ്ദേശം വിശദീകരിക്കുന്നതിന് ഉദ്ദേശിച്ചുള്ളതാണ് ).

കേരള വനോൽപ്പന്നം (വില്പ്പനവിലനിജപ്പെടുത്തൽ) ആക്ട്, 1978 ലെ 8–ാം വകുപ്പിൽ സർക്കാരിന് ഗസറ്റ് വിജ്ഞാപനം വഴി ഈ ആക്ടിന്റെ വ്യവസ്ഥകൾ പ്രാബല്യത്തിൽ കൊ ുവരുന്ന ആവശ്യത്തിലേയ്ക്ക് ചട്ടങ്ങൾ ഉ ാക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിരുന്നു. മുകളിൽ പറഞ്ഞ ഉദ്ദേശം സാധിക്കുന്നതിന് ഉദ്ദേശിച്ചുള്ളതാണ് ഈ വിജ്ഞാപനം.

S.R.O. No. 1217/78. In exercise of the powers conferred by section 8 of the Kerala Forest Produce (Fixation of Selling Price ) Act, 1978 (29 of 1978) the Government of Kerala hereby make the following Rules, namely:-

## RULES

1. Short title and commencement - (1) These rules may be called the Kerala Forest Produce (Fixation of Selling Price ) Rules, 1978.

2. They shall come into force at once.

2. Definitions.- In these Rules unless the context otherwise requires, -

(a) "ACT" means the Kerala Forest Produce (Fixation of Selling Price) Act, 1978;

(b) " Market Price" of any forest produce means the average value per cubic metre or per tonne, as the case may be of any particular forest produce for a quarter of a year as collected and computed by the Bureau of Economics and Statistics.;

(c) "Billet" means timber having a length of one metre or less whether debarked or not.

3. The Committee constituted under section 4 of the Act Shall meet atleast twice every year. The meetings shall normally be held during the months of January – February and June – July of every year. The quorum of the meeting shall be five and the decision of the majority shall be treated as the recommendation of the Committee.

4. The Committee shall consider the following while recommending to Government average cost of plantations of such produce till the time of harvest.

(i) in the case of forest produce raised in plantations, the compounded average cost of plantations of such produce till the time of harvest.

(ii) in the case of forest produce which are not raised in plantations, the compounded average cost of replacement of such forest produce.

(iii) in the case of other forest produce for which the details mentioned in clauses (i) and (ii) cannot be obtained, royalty for such forest produces;

(iv) the market rate for each forest produce at the important timber markets of the State where such forest produces are sold, namely; Quilon, Kottayam Ernakulam and Kozhikode for a period of six months immediately proceeding the meeting of the Committee.

(v) The average expenditure required for bringing the forest produces to the markets mentioned in clause (iv) above from the source of procurement near about, that is to say, Government Timber Sales Depots or Transit Depots or Transit Depots, as the case may be;

(vi) The average expenditure required for cutting, collection, transport and delivery of the forest produces to the Government Timber Sales Depots.

5. The Committee shall recommend the selling price for each species of timber according to its utility such as plywood, matchwood, packing case wood and pulp wood.

6. The Committee may recommend the selling price for each size and/or quality class of forest produce, if the circumstances so demand.

7. The unit for the recommendation of selling price shall be one cubic metre in the case of timber, one tone in the case of bamboos and reeds and one stacked tone in the case of billets.

8. The Government shall after considering the recommendations of the Committee fix the selling price of every forest produce and publish the same in the Gazette.

9. Government shall be the authority competent to interpret any shall of the provisions in these Rules and such interpretations shall be final.

## Explanatory Note

(This is not part of the Notification, but is intended to explain its purport)

It is laid down in section 8 of the Kerala Forest Produce (fixation of Selling Price) Act, 1978 that Government may by notification in the Gazette make rules for the purpose of carrying in to effect the provision of the Act. This notification is intended to achieve the above object.

By Order of the Governor,

K.V.VIDYADHARAN,
Additional Secretary.